(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെപോയ തൊഴിൽ രഹിതരുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇപ്രകാരം സമയത്ത് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്ത ഇവരുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) 27-7-2001-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2323/2001/തൊഴിൽ പ്രകാരം 1-1-1990 മുതൽ 31-12-2000 വരെയും 22-7-2003-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 2030/03/തൊഴിൽ പ്രകാരം 1-1-1995 മുതൽ 31-12-2003 വരെയും റദ്ദായ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രത്യേകം റിന്യൂവലിന് അവസരം നൽകിയിരുന്നു. ഇക്കാര്യത്തിന് പത്ര, ദൃശ്യ, ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ വളരെയധികം പ്രചാരണവും നടത്തിയിരുന്നു. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം ആളുകളും അവരുടെ റദ്ദായ സീനിയോറിറ്റി പുനഃസ്ഥാപിച്ചിട്ടുമുണ്ട്.

ഇതുകൂടാതെ, ഉദ്യോഗാർത്ഥിക്കോ, അടുത്ത ബന്ധുക്കൾക്കോ ഉണ്ടായ രോഗം, അടുത്ത ബന്ധുക്കളുടെ മരണം, പ്രകൃതിക്ഷോഭം, തീപിടുത്തം, കുടുതൽ തടങ്കൽ, നിശാനിയമം പ്രഖ്യാപിക്കൽ, ആഭ്യന്തര കലാപം തുടങ്ങിയ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്/ തഹസീൽദാരുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ, എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതിനുമുള്ള വ്യവസ്ഥയും നിലവിലുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം

49 [511] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും പുതിയ കണക്കുപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ എസ്.എസ്.എൽ.സി. ക്കാർ, ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, പ്രൊഫഷണൽ യോഗ്യത നേടിയവർ എന്നിവർ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് തൊഴിലില്ലാത്തവരുടെ എണ്ണം എത്രയായിരുന്നു; ഓരോ വിഭാഗത്തിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3,723,836.

(ബി) എസ്.എസ്.എൽ.സി.	:	2,209,667
ബിരുദധാരികൾ (പ്രൊഫഷണൽ ബിരുദധാരികൾ ഒഴികെ)	:	210,183
ബിരുദാനന്തര ബിരുദധാരികൾ	:	59,282
പ്രൊഫഷണൽ യോഗ്യതയുള്ളവർ	:	26,946

(സി) 31-1-2001-ലെ കണക്കുപ്രകാരം 42,38,034 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ മെട്രിക്, ഗ്രാഡുവേറ്റ്, പ്രൊഫഷണൽ ഗ്രാഡുവേറ്റ് എന്നിവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

മെട്രിക്	:	2,421,448
ബിരുദധാരികൾ (പ്രൊഫഷണൽ ബിരുദധാരികൾ ഒഴികെ)	:	236,261
പ്രൊഫഷണൽ ബിരുദധാരികൾ	:	23,822
ബിരുദാനന്തര ബിരുദധാരികൾ	:	61,516

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ

50 [512] *ശ്രീ. ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരിൽ എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ഹോമിയോ, ആയുർവേദ ബിരുദധാരികൾ എത്രവീതമുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ ആകെ എത്ര പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരിൽ സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly